## പതിനഞ്ചാം കേരള നിയമസഭ

രണ്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2021 ആഗസ്റ്റ് 6, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

34 (*331) കണ്ടൽക്കാടുകളുടെ സംരക്ഷണം

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിന് കേന്ദ്രസഹായത്തോടെ കണ്ടൽ തൈകളും തീരപ്രദേശങ്ങളിൽ അനുബന്ധ തൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും വനം വകുപ്പ് നട്ടുപിടിപ്പിക്കുകയും പൊതുജനങ്ങൾക്ക് വിതരണം ചെയ്യുകയും 5 ജില്ലകളിൽ സർക്കാർ അധീനതയിലുള്ള കണ്ടൽ പ്രദേശങ്ങൾ റിസർവ് ഫോറസ്റ്റായി വിജ്ഞാപനം ചെയ്ത് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. സ്വകാര്യ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിന് ഏക്കറിന്

4,000 രൂപ നിരക്കിൽ ധനസഹായം നൽകുകയും അർഹമായ നഷ്ടപരിഹാരം നൽകി സ്വകാര്യ കണ്ടൽ വനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം പൊതുജനങ്ങളിൽ എത്തിക്കുന്നതിന് സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും പ്രകൃതിപഠന ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു. കാറ്റാടി വച്ചുപിടിപ്പിക്കുന്നത് തീരശോഷണം തടയുന്നതിന് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടെന്നും ആലപ്പുഴ മുതൽ അർത്തുങ്കൽ വരെയുള്ള പ്രദേശത്ത് 70000 കാറ്റാടി മരങ്ങൾ നട്ടുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും കണ്ടൽക്കാടുകൾ നശിപ്പിക്കുന്നവർക്കെതിരെ കർശന നിയമനടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

35 (*332 &*343) <u>പട്ടികഗോത്രങ്ങളിൽപ്പെട്ടവരുടെ ആരോഗ്യ സംരക്ഷണം</u>

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, അട്ടപ്പാടിയിൽ ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി കമ്മ്യൂണിറ്റി കിച്ചൻ, കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കും

പോഷകാഹാര വിതരണം, സമഗ്ര ആരോഗ്യ സുരക്ഷ, ജനനി ജന്മരക്ഷ തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കിടത്തി ചികിൽസ, പെരിന്തൽമണ്ണ സഹകരണ ആശുപത്രിയിൽ അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് സൗജന്യ സ്പെഷ്യാലിറ്റി ചികിൽസ എന്നിവ നൽകിവരികയും പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, 17 ആയുർവേദ ഡിസ്പെൻസറികൾ തുടങ്ങിയവ പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. നഴ്സിംഗ് പ്രാവീണ്യമുള്ള പട്ടികവർഗ്ഗ യുവതികൾ ഗർഭിണികളെയും മുലയൂട്ടുന്ന അമ്മമാരെയും വീടുകളിൽ സന്ദർശിച്ച് ഗർഭപരിരക്ഷ, മുലയൂട്ടൽ എന്നിവയെക്കുറിച്ച് അവബോധം, പ്രതിരോധ കുത്തിവയ്പ്, പോഷകാഹാരക്കുറവുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തി ചികിത്സിക്കുന്നതിനുള്ള പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ, അയൺ, ഫോളിക് ആസിഡ്, വിറ്റാമിനുകൾ എന്നിവയുടെ വിതരണം തുടങ്ങിയവും നടത്തിവരുന്നുണ്ടെന്ന് മന്ത്രി അറിയിച്ചു. വന്യമൃഗങ്ങളുടെ ആവാസകേന്ദ്രത്തോടടുത്ത് കഴിയുന്നവർക്ക് ജന്തുജന്യ രോഗബാധയുണ്ടാകുന്ന സാഹചര്യങ്ങളിൽ ആവശ്യമായ ചികിത്സയൊരുക്കുകയും ഗോത്രഭാഷയിൽ

ഉൾപ്പെടെ ബോധവൽക്കരണ പരിപാടികൾ നടത്തുകയും പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികളെ സഹായിക്കുന്നതിനായി ഹെൽത്ത് പ്രൊമോട്ടർമാരെ നിയമിക്കുകയും ചെയ്യുന്നുണ്ട്. അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചണുകളുടെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും കോവിഡിന്റെ മൂന്നാംതരംഗം വിലയിരുത്തിയശേഷം ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ കുട്ടികളെ തിരികെ കൊണ്ടുവരുന്ന കാര്യം ആലോചിക്കുന്നതാണെന്നും പുനരധിവാസ പദ്ധതികൾ പുനഃസംവിധാനം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആദിവാസി ഫണ്ട് വിനിയോഗം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

36(*333 &*357) <u>കാട്ടുപന്നികൾ മൂലമുള്ള കൃഷിനാശം</u>

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിൽ, കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് കേന്ദ്ര സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്നും കൃഷിയിടങ്ങൾ നശിപ്പിക്കുന്ന ഇവയെ കൊല്ലാൻ കർഷകർക്ക് അനുവാദം നൽകി സംസ്ഥാന സർക്കാർ ഉത്തരവ്

പുറപ്പെടുവിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കാട്ടുപന്നികളെ വേട്ടയാടുന്നതും മറവ് ചെയ്യുന്നതും സംബന്ധിച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവിലെ മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കുന്നതിന് കർഷകർക്കും ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രമാനദണ്ഡങ്ങൾക്ക് അനുസൃതമായി മാത്രമേ നഷ്ടപരിഹാരത്തുക പുതുക്കി നിശ്ചയിക്കാൻ സാധിക്കുകയുള്ളൂവെന്നും കോടതി ഉത്തരവിന്റെ പശ്ചാത്തലത്തിൽ കൂടുതൽ കർഷകരെ സഹായിക്കാൻ കഴിയുമോയെന്നതു സംബന്ധിച്ച് നിയമോപദേശം തേടിയിട്ടുണ്ടെന്നും വന്യമൃഗങ്ങൾക്ക് കാടിനുള്ളിൽത്തന്നെ ഭക്ഷണവും വെള്ളവും ഉറപ്പാക്കുന്ന നടപടികൾക്ക് തുടക്കംകുറിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.